പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 253

# 2020-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2020

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

Published on 29-02-2020

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 253

# 2020-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ

296/2020.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 253

# 2020-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ

## 2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്റ്റ് (2001-ലെ 18) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയൊന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2020-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 20-ാം വകുപ്പിന്റെ ഭേദഗതി.- 2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്റ്റിലെ (2001-ലെ 18) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 20-ാം വകുപ്പിലെ "ഇരുപത്തിഅയ്യായിരം" എന്ന വാക്കുകൾക്ക് പകരം "അഞ്ച് ലക്ഷം" എന്ന വാക്കുകളും "ആയിരം" എന്ന വാക്കുകൾക്കുപകരം "അമ്പതിനായിരം" എന്ന വാക്കുകളും യഥാക്രമം ചേർക്കേണ്ടതാണ്.

3. 23എ വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 23എ വകുപ്പിലെ (6)-ാം ഉപവകുപ്പിൽ "കണ്ടുകെട്ടിയ മണൽ, പൊതുമരാമത്ത് വകുപ്പ് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിൽ, നിർമ്മിതി കേന്ദ്രത്തിന് അഥവാ 'കലവറയ്ക്ക് ' വിൽക്കേണ്ടതും" എന്ന വാക്കുകൾക്ക് പകരം "കണ്ടുകെട്ടിയ മണലിന്റെ മതിപ്പ് വില ജില്ലാ കളക്ടർ നിശ്ചയിക്കേണ്ടതും നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് വിവിധ സ്ഥാപനങ്ങൾക്കോ വ്യക്തികൾക്കോ ലേലത്തിലൂടെ വില്പന നടത്തേണ്ടതും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ആക്റ്റിന്റെ നിലവിലെ 20-ാം വകുപ്പ് പ്രകാരം ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥകളോ അതിൻ കീഴിലുണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടങ്ങളോ ലംഘിക്കുന്ന ഏതൊരാളിനെയും കുറ്റസ്ഥാപനത്തിൻമേൽ രണ്ട് വർഷം വരെയാകാവുന്ന തടവ് ശിക്ഷയോ ഇരുപത്തിഅയ്യായിരം രൂപവരെയാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയുള്ള ശിക്ഷയോ നൽകേണ്ടതും ലംഘനം തുടരുന്ന ഓരോ ദിവസത്തിനും ആയിരം രൂപവരെയാകാവുന്ന അധിക പിഴശിക്ഷ നൽകേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു. കൂടാതെ പ്രസ്തുത ആക്റ്റിന്റെ 23 എ വകുപ്പ് (6)-ാം ഉപവകുപ്പ്, പ്രസ്തുത വകുപ്പിന്റെ (4)-ാം ഉപവകുപ്പ് പ്രകാരം കണ്ടുകെട്ടിയ മണൽ പൊതുമരാമത്ത് വകുപ്പ് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിൽ നിർമ്മിതി കേന്ദ്രത്തിന് അഥവാ കലവറയ്ക്ക് വിൽക്കേണ്ടതും അപ്രകാരം ലഭിക്കുന്ന തുക റിവർ മാനേജ്മെന്റ് ഫണ്ടിൽ അടയ്ക്കേണ്ടതുമാണ് എന്നും വ്യവസ്ഥ ചെയ്യുന്നു. പ്രസ്തുത ആക്റ്റിന്റെ 20-ാം വകുപ്പുപ്രകാരമുള്ള ലംഘനത്തിന് നല്കുന്ന ശിക്ഷ അഞ്ച് ലക്ഷം രൂപയായും ലംഘനം തുടരുന്ന സംഗതിയിൽ ലംഘനം തുടരുന്ന ഓരോ ദിവസത്തിനുമുള്ള പിഴശിക്ഷ അമ്പതിനായിരം രൂപയായും വർദ്ധിപ്പിക്കുന്നതിനായും 23 എ വകുപ്പ് പ്രകാരം കണ്ടുകെട്ടിയ മണലിന്റെ മതിപ്പ് വില ജില്ലാ കളക്ടർ നിശ്ചയിക്കേണ്ടതും നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് വിവിധ സ്ഥാപനങ്ങൾക്കോ വ്യക്തികൾക്കോ ലേലത്തിലൂടെ വില്പന നടത്തേണ്ടതാണ് എന്നും വ്യവസ്ഥ ചെയ്തുകൊണ്ട് പ്രസ്തുത ആക്റ്റിൽ അനുയോജ്യമായ ഭേദഗതി വരുത്തുവാൻ സർക്കാർ തീരുമാനിച്ചു.

2. പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

ഇ. ചന്ദ്രശേഖരൻ.

# 2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

(2001-ലെ 18-ാം ആക്റ്റ്)

** ** ** **

20. ഈ ആക്റ്റിന്റെ ലംഘനത്തിനുള്ള ശിക്ഷ.—ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥകളോ, അതിൻ കീഴിലുണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടങ്ങളോ ലംഘിക്കുന്ന ഏതൊരാളിനെയും കുറ്റസ്ഥാപനത്തിന്മേൽ രണ്ട് വർഷംവരെയാകാവുന്ന തടവ് ശിക്ഷയോ, ഇരുപത്തി അയ്യായിരം രൂപവരെയാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയുള്ള ശിക്ഷയോ ലംഘനം തുടരുന്ന സംഗതിയിൽ അങ്ങനെ ലംഘനം തുടരുന്ന ഓരോ ദിവസത്തിനും ആയിരം രൂപവരെയാകാവുന്ന അധികമായ പിഴ ശിക്ഷയും കൂടി നൽകി ശിക്ഷിക്കപ്പെടേണ്ടതാകുന്നു.

** ** ** **

23 എ. മണൽ, വാഹനങ്ങൾ മുതലായവ കണ്ടുകെട്ടൽ.—(1) 23-ാം വകുപ്പ് പ്രകാരം ഏതെങ്കിലും വസ്തുക്കൾ പിടിച്ചെടുക്കുന്ന സംഗതിയിൽ, അപ്രകാരമുള്ള വസ്തുക്കൾ പിടിച്ചെടുക്കുന്ന ഉദ്യോഗസ്ഥൻ പ്രസ്തുത വസ്തുക്കളിന്മേൽ എല്ലാം അവ പിടിച്ചെടുത്തതാണ് എന്ന് സൂചിപ്പിക്കുന്നതിനുള്ള ഒരു മുദ്ര വയ്ക്കേണ്ടതും, പ്രോസിക്യൂഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും, അപ്രകാരം വസ്തുക്കൾ പിടിച്ചെടുത്ത് 48 മണിക്കൂറിനകം, അങ്ങനെ പിടിച്ചെടുത്തതായി, പ്രസ്തുത വസ്തുക്കൾ പിടിച്ചെടുത്ത സ്ഥലത്ത് അധികാരിതയുള്ള ജുഡീഷ്യൽ മജിസ്ട്രേറ്റ് മുമ്പാകെയും സബ് ഡിവിഷണൽ മജിസ്ട്രേറ്റ് മുമ്പാകെയും ഓരോ റിപ്പോർട്ട് നൽകേണ്ടതും അങ്ങനെ പിടിച്ചെടുത്ത വിവരം വസ്തുക്കൾ പിടിച്ചെടുത്ത സ്ഥലത്ത് അധികാരിതയുള്ള പോലീസ് സ്റ്റേഷനിലെ സ്റ്റേഷൻ ഹൗസ് ഓഫീസറെ കൂടി അറിയിക്കേണ്ടതുമാണ്. ഇപ്രകാരം വസ്തുക്കൾ പിടിച്ചെടുത്തത് സംബന്ധിച്ച വിവരം ലഭിക്കുന്നപക്ഷം ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥൻ 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) 102-ാം വകുപ്പ് പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതാണ്.

** ** ** **

(6) (4)-ാം ഉപവകുപ്പ് പ്രകാരം കണ്ടുകെട്ടിയ മണൽ, പൊതുമരാമത്ത് വകുപ്പ് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിൽ, നിർമ്മിതി കേന്ദ്രത്തിന് അഥവാ 'കലവറയ്ക്ക്' വിൽക്കേണ്ടതും അപ്രകാരം ലഭിക്കുന്ന തുക റിവർ മാനേജ്മെന്റ് ഫണ്ടിൽ അടയ്ക്കേണ്ടതുമാണ്.

** ** ** **